## 2009 ഡിസംബർ 13

# മാർ യൗസേപ്പിനുണ്ടായ ദർശനം

## മത്താ 1:18–25

**ഫാ. വർഗീസ് സാമുവൽ**

സ്നേഹവും നീതിയും ഒന്നിക്കുന്ന മനുഷ്യത്വമാണ് മാർ യൗസേപ്പുപിതാവിനുള്ളത്. സ്നേഹിച്ചവളെ അപമാനിക്കാൻ തയ്യാറാകാത്ത യൗസേപ്പുപിതാവ് ദൈവനീതിയോട് താദാമ്യപ്പെടുവാനുള്ള ഭക്തന്റെ ഭാവമാണ് ഉൾക്കൊള്ളുന്നത്. ഒരു സാധാരണ മനുഷ്യൻ അനുഭവിക്കുന്ന എല്ലാ വൈകാരിക തലങ്ങൾക്കുമുപരിയായി അതിൽ ദൈവം തൊടുന്ന ഒരു അനുഭവം സ്വപ്നത്തിലൂടെ യൗസേപ്പുപിതാവിനു ലഭിക്കുന്നു. "കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല" (വിലാ 3:22).

രക്ഷാകരപദ്ധതിയുടെ ശ്രേഷ്ഠപദവി ദൈവം ദർശനത്തിലൂടെ വിശുദ്ധ യൗസേപ്പുപിതാവിനു നൽകുന്നു. ദൂതൻ അദ്ദേഹത്തോടു പറയുന്നു "ദാവീദിന്റെ പുത്രനായ ജോസഫ് മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ". "ഞാൻ ക്ഷമാപൂർവ്വം കർത്താവിനെ കാത്തിരുന്നു. അവിടുന്ന് ചെവിചായ്ച്ച് എന്റെ നിലവിളി കേട്ടു"(ഏശ 65:24). നീതിമാൻ ദൈവസ്വരത്തിന് കാതോർക്കുമ്പോൾ അവന്റെ ജീവിതവഴി ദൈവമൊരുക്കും. ദൂതൻ അദ്ദേഹത്തോടു വീണ്ടും പറയുന്നു, "അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം, എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും മോചിപ്പിക്കും. ദൈവപുത്രനു പേരിടാനുള്ള അവകാശം, ദൈവഹിതത്തിനു തന്റെ ഹിതത്തെ സമർപ്പിച്ച യൗസേപ്പുപിതാവിനാണ് ലഭിച്ചത്. പാപച്ചെളിയിൽ പൂണ്ടുപോയ മനുഷ്യകുലത്തെ ജന്മത്താൽ ശുദ്ധീകരിക്കുന്നവന് നാമമേകിയവനാണ് യൗസേപ്പുപിതാവ്.

"കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്നവൻ വിളിക്കപ്പെടും"(ഏശ 7:14). ഇതിന്റെ തുടർച്ചയായി പ്രവാചകൻ പറയുന്നു തിന്മ ത്യജിക്കാനും നന്മ സ്വീകരിക്കാനും പ്രായമാകുമ്പോൾ ബാലൻ തൈരും തേനും ഭക്ഷിക്കും. ഈ ഭക്ഷണം തന്നെ വൈരുദ്ധ്യമാണ്. കന്യക ഗർഭവതിയാകുന്നതും വൈരുദ്ധ്യമാണ്. മനുഷ്യദൃഷ്ടിയിലെ വൈരുദ്ധ്യങ്ങൾ ദൈവപദ്ധതിയിൽ ലയിച്ചുചേരുമ്പോഴാണ് യൗസേപ്പുപിതാവ് ദൈവപുത്രന്റെ വളർത്തുപിതാവാകുന്നത്. അപ്പന്റെ ത്യാഗമത്രയും ഏറ്റെടുത്ത് കർമ്മപഥത്തിൽ സ്വർഗത്തിന്റെ വിധേയനാകുന്നു അദ്ദേഹം.

യൗസേപ്പുപിതാവ് ദർശനശേഷം കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ മറിയത്തെ ഭാര്യയായി സ്വീകരിച്ചു. വചനം കേട്ടശേഷം പ്രതികരിക്കാത്ത വ്യക്തിത്വമല്ല അദ്ദേഹത്തിന്റേത്. വചനത്തോട് ജീവിതത്തെ ലയിപ്പിച്ച് സ്വർഗീയ പൂരിത ജന്മം കരസ്ഥമാക്കി അദ്ദേഹം. പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല എന്നതിന് വ്യാഖ്യാനമേകി വികലമാക്കാറുണ്ട്. 2 സാമു 6:16–23 വരെയുള്ള വാക്യങ്ങളിൽ കർത്താവിന്റെ പേടകത്തിനു മുമ്പിൽ നൃത്തം ചവിട്ടുന്ന ദാവീദിനെ പരിഹസിക്കുന്ന മീഖാളിനെ കാണുന്നു. 2 സാമു 6:23- പറയുന്നു. സാവൂളിന്റെ പുത്രി മീഖാൾ മരണം വരെയും സന്താന രഹിതയായിരുന്നു. ഇതിന്റെയർത്ഥം മരണശേഷം മീഖാളിന് മക്കളുണ്ടായി എന്നല്ലല്ലോ. ഇതുപോലെയാണ് പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല എന്ന വാക്യം. യൗസേപ്പ് പിതാവ് നിത്യ ബ്രഹ്മചാരിയായിരുന്നു. പുരുഷ

സംസർഗം കൂടാതെ ദൈവപുത്രന് ജന്മമേകാനായെങ്കിൽ മനുഷ്യന്റെ വൈരൂപ്യങ്ങൾക്കു മീതെയാണ് ദൈവത്തിന്റെ പദ്ധതികൾ എന്നോർക്കുക.

മനുഷ്യത്വത്തിന്റെ ശാന്തഭാവമാണ് യൗസേപ്പ് പിതാവിനുള്ളത്. ബേത്‌ലഹേമിലും ഈജിപ്തിലുമെല്ലാം പരിശുദ്ധ കന്യകമാതാവിന്റെ വേദനകൾ പങ്കുവച്ച് അവളോടൊപ്പം അവ ഏറ്റെടുത്ത് ഉത്തമ കുടുംബസ്ഥനായി നിലകൊള്ളുന്നു. അദ്ധ്വാനത്തിന്റെയും പ്രാർത്ഥനയുടെയും ദൈവാനുഭവത്തിന്റെയും തിരുക്കുടുംബത്തിലേക്ക് നമ്മുടെ കുടുംബങ്ങളെ ചേർത്തുവയ്ക്കാം. എന്റെ ഹിതംപോലെയല്ല, ദൈവമേ നിന്റെ ഹിതം പോലെയെന്നെ നടത്തണമെ എന്ന പ്രാർത്ഥനയുടെ ശക്തി തിരുക്കുടുംബത്തിലെ മാതാപിതാക്കളുടെ ശക്തിയായിരുന്നു. നമ്മുടെയോരോ കുടുംബങ്ങളും തിരുക്കുടുംബം പോലെ സുന്ദരമാക്കുന്നത് വിശുദ്ധ കന്യകാമാതാവിന്റെയും വിശുദ്ധ യൗസേപ്പ് പിതാവിന്റെയും മാതൃകകൾ പിഞ്ചെല്ലുമ്പോഴാണ്. ജീവിതത്തിൽ സ്നേഹം പാകി, ദൈവത്തിന്റെ ചെടി നമുക്കായി മുളപ്പിച്ച് മാതൃകയുടെ ഫലങ്ങൾ നൽകിയ ഉത്തമ പിതാവാണ് വിശുദ്ധ യൗസേപ്പ് പിതാവ്.

●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●